# വിശ്വസിക്കുവിൻ, ദൈവമഹത്വം കാണാം

## യോഹന്നാൻ 11:4

''യേശു അതു കേട്ടിട്ട്: ഈ ദീനം മരണത്തിനായിട്ടല്ല, ദൈവപുത്രൻ മഹത്വപ്പെടേണ്ടതിന് ദൈവത്തിന്റെ മഹത്വത്തിനായിട്ടത്രേ, എന്നു പറഞ്ഞു ''

ലാസർ ദീനമായിക്കിടക്കുന്നു എന്ന വാർത്തയറിഞ്ഞപ്പോൾ യേശു പറഞ്ഞ മറുപടിയാണ് ഈ വേദഭാഗം. തുടർന്നു നാം വായിക്കുമ്പോൾ കാണാം രോഗവിവരം അറിഞ്ഞ യേശു വീണ്ടും രണ്ടുദിവസംകൂടി താൻ ഇരുന്ന സ്ഥലത്ത് പാർത്തു. എന്നാൽ ലാസർ മരിച്ചു നാലു ദിവസമായപ്പോഴാണ് കർത്താവ് ലാസറിന്റെ ഗ്രാമമായ ബെഥാന്യയിൽ എത്തുന്നത്. തന്റെ സ്നേഹിതൻ രോഗബാധിതനായി എന്നറിഞ്ഞിട്ടും യേശു ഉടൻ തന്നെ അവന്റെയടു ക്കലേക്ക് പോകാഞ്ഞതെന്തുകൊണ്ട് എന്ന ചോദ്യം നാം ഏവർക്കും ഉള്ളത്തിൽ കടന്നു വരാൻ സാധ്യതയുണ്ട്. തന്റെ സ്നേഹിതൻ സൗഖ്യമാകും എന്നുള്ള ഉറപ്പ് കർത്താവിന് നല്ലവണ്ണം ഉണ്ടായിരുന്നുവെന്ന് മുകളിൽപ്പറഞ്ഞിരിക്കുന്ന ചിന്താവാക്യത്തിലൂടെ വ്യക്തമാ കുന്നു. ചില കാര്യങ്ങൾ വൈകുമ്പോൾ അതിൽ കർത്താവിന് വ്യക്തമായ ചില പദ്ധതി കൾ ഉണ്ട് എന്നു നമുക്ക് ഇതിൽനിന്നും മനസ്സിലാക്കാം.

ലാസറിന് ദീനമായിക്കിടക്കുന്നു എന്നറിഞ്ഞ മാത്രയിൽ യേശു അവിടെയെത്തിയിരുന്നു വെങ്കിൽ അവനെ തീർച്ചയായും സൗഖ്യമാക്കുവാൻ കഴിയുമായിരുന്നു. അങ്ങനെ സൗഖ്യം നടന്നിരുന്നുവെങ്കിൽ അത് വലിയ ഒരു അത്ഭുതമാക്കി അന്നാട്ടിലെ യഹൂദന്മാർ കാണുകയോ അവർ ദൈവത്തെ മഹത്വപ്പെടുത്തുവാനും വിശ്വസിക്കുവാനും ഇടയാകു കയോ ഇല്ലായിരുന്നു. പ്രിയ ദൈവപൈതലേ ഇന്ന് താങ്കളുടെ ജീവിതത്തിലും നീറുന്ന വേദനകൾ, പ്രയാസങ്ങൾ അപ്രതീക്ഷിതമായ ചില സംഭവങ്ങൾ കടന്നുവന്നിട്ടുണ്ടോ? കർത്താവിനോട് അറിയിച്ചിട്ടും മറുപടി കിട്ടാതെ മാർത്തയെയും മറിയയെയും പോലെ കരഞ്ഞു വിലപിക്കുകയാണോ? ഇനി ഈ വിഷയത്തിനുള്ള മറുപടി കിട്ടുകയില്ല എന്ന് പറഞ്ഞ് എഴുതിത്തള്ളിയിരിക്കുകയാണോ? എന്നാൽ ഈ ലാസറിനെ ഉയർപ്പിച്ചവന്റെ അതേ ആത്മാവ് നമ്മെയും വിടുവിക്കുവാൻ മതിയായതാകുന്നു.

ഇവിടെ നാം കാണുന്ന ലാസറിന്റെ കല്ലറവാതിൽക്കൽ എത്തിയ യേശു, അവനോട് കല്പിക്കുകയാണ് 'ലാസറേ പുറത്തുവരിക'. കർത്താവിന്റെ ആ ഒറ്റവാക്ക് അവനിൽ ജീവൻ പ്രാപിക്കുവാൻ തക്കവണ്ണം ഇടയായി. നാറ്റം വച്ചുതുടങ്ങിയ ശരീരമാണ് യേശു പുതുജീവൻ പകർന്ന് ഉയർത്തെഴുന്നേല്പിച്ചത്. അങ്ങനെയെങ്കിൽ നമ്മുടെ ജീവിതത്തി ന്റെയും അവസ്ഥയ്ക്കു വ്യത്യാസം വരുത്തുവാൻ കർത്താവിന്റെ ഒരു വാക്ക് മതി.

യോഹന്നാൻ 11:40 യേശു മാർത്തയോടു പറയുകയാണ് 'വിശ്വസിച്ചാൽ നീ ദൈവത്തിന്റെ മഹത്വം കാണും.' ഈ വചനം നമ്മുടെ ജീവിതത്തിലും നമുക്കേറ്റെടുക്കാം.

സങ്കീർത്തനങ്ങൾ 34:5 "അവങ്കലേക്കു നോക്കിയവർ പ്രകാശിതരായി. അവരുടെ മുഖം ലജ്ജിച്ചുപോയതുമില്ല." ഈ വചനം നമ്മെയും ധൈര്യപ്പെടുത്തട്ടെ. ഈ ലോക ജീവിതത്തിൽ പ്രയാസങ്ങളും പ്രതിസന്ധികളും ഇല്ലാത്തവരായി ആരും തന്നെയില്ല. പല പ്പോഴും നമ്മുടെ പ്രശ്നങ്ങളെ മാത്രം നോക്കി വിലപിക്കുന്നതുകൊണ്ടാണ് നാം പതറി പ്പോകുന്നത്. എന്നാൽ നമ്മുടെ ദൃഷ്ടി പ്രശ്നങ്ങളിൽനിന്നും മാറ്റി സർവ്വശക്തനായ ദൈവത്തിങ്കലേക്ക് മാത്രമായിത്തീരുവാൻ ഇടയാകട്ടെ. അങ്ങനെയെങ്കിൽ മാർത്തയും, മറിയയും കർത്താവിന്റെ കരങ്ങളിൽ ആശ്രയം വച്ച് വിടുതൽ കണ്ടതുപോലെ നമ്മുടെ ജീവിതത്തിലെയും വിഷയങ്ങൾക്കുള്ള മറുപടി കാണുവാൻ തക്കവണ്ണം ഇടയായിത്തീരും.

ഇപ്രകാരം നമ്മുടെ ദൃഷ്ടി സൃഷ്ടികർത്താവായ അത്ഭുതങ്ങളുടെ ദൈവമായ ക്രിസ്തു യേശുവിൽ മാത്രം പതിയട്ടെ. അപ്പോൾ നമ്മുടെ പ്രശ്നങ്ങളെ വളരെ നിസ്സാരമായി കാ ണുവാൻ പരിശുദ്ധാത്മാവ് നമ്മെയും സഹായിക്കും. പ്രാർത്ഥനയാൽ നമുക്ക് കർത്താവി നോടടുത്തു വരാം. നമ്മുടെ വിശ്വാസം വർദ്ധിച്ചുവരട്ടെ. അനുദിനവും അവിടുത്തെ ബലമുള്ള കരത്തിൽ അഭയം പ്രാപിച്ച് അത്ഭുത സാക്ഷ്യമായിത്തീരുവാൻ സർവ്വശക്ത നായ ദൈവം നമ്മെ ഏവരെയും അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം :
മർക്കോസ് 10:27

"മനുഷ്യർക്ക് അസാദ്ധ്യം തന്നെ, ദൈവത്തിന് അല്ലതാനും, ദൈവത്തിനു സകലവും സാദ്ധ്യമല്ലോ."

സിസ്റ്റർ അശ്വതി ബിനു ഏറ്റുമാനൂർ 011